## 551

*രീതി: മണ്ണിൽ ഈ നല്ല മണ്ണിൽ*

ദൈവം ഈ നല്ല ദൈവം ജീവിതകാലമെല്ലാം
കൺമണിപോലെയെന്നെ കാത്തു നടത്തിടുന്നു

1 കണ്ണീരിൻ പാതകളെത്രയിന്നെന്നെണ്ണിക്കുറിക്കുവാനാവുകില്ല
എങ്കിലും കൈവിടാതെന്നെ ദൈവം സങ്കടം തീർത്തു നടത്തിടുന്നു-

2 സംഹാരദൂതന്റെ വാളിൽ നിന്നും ശത്രു തൻഅഗ്നി ശരത്തിൽനിന്നും
മാമക പ്രാണനെ കാത്തു ദൈവം മാറാതെ മുറ്റും നടത്തിടുന്നു

3 തീക്കനൽ പാറയിൽനിന്നുപോലും തക്കസമയത്തു വെള്ളമേകും
അന്നന്നു വേതാം മന്ന തന്നും മന്നിതിലെന്നെ പുലർത്തിടുന്നു-

4 വാഗ്ദത്ത നാട്ടിൽ ചെന്നെത്തുവോളം വിശ്രമമില്ലാതെ വേല ചെയ്തു
വിശ്വാസം കാത്തു നല്ലോട്ടമോടി വിജയകിരീടങ്ങൾ നേടിടും ഞാൻ- **G.P.**